**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2465** **04-03-2025 - ൽ മറുപടിയ്ക്ക്**

**ചിറ്റൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും ഇനിയും ആരംഭിക്കാത്തതുമായ റോഡ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ചിറ്റൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന ധനാനുമതി നൽകിയതും പ്രവൃത്തി ആരംഭിയ്ക്കാത്തതുമായ റോഡ് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. പുതുനഗരം - കിണാശ്ശേരി റോഡ്<br>2. മലയോര ഹൈവേ: ഗോപാലപുരം - നെടുമണി റീച്ച് 1 (ഗോപാലപുരം - കന്നിമാരിമേട്)<br>3. മലയോര ഹൈവേ: ഗോപാലപുരം - നെടുമണി റീച്ച് 2 (കന്നിമാരിമേട് – നെടുമണി)<br>4. കരിമണ്ണ് – കുല്ലുക്കപ്പാറ - ഒഴലപ്പതി റോഡ്<br>5. പാറ - പൊള്ളാച്ചി റോഡ് |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**പുതുനഗരം - കിണാശ്ശേരി റോഡ്**<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബി 13/03/2024-ലെ PWD004-129/APR-1/2024/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 35.65 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. റോഡ് വികസനത്തിന്റെ ഭാഗമായി 299.71 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി 03/09/2024-ലെ GO (Rt) No. 2111/2024/RD ഉത്തരവ് പ്രകാരം ലഭിച്ചിട്ടുള്ളതും, 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയതനുസരിച്ച് റവന്യൂ ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തിയതായും റവന്യൂ വകുപ്പിന്റെ സഹായത്തോടെ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. ഭൂമി |

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ് ഇനത്തിൽ കിഫ്ബി 13/02/2025-ന് 2.5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**മലയോര ഹൈവേ: ഗോപാലപുരം - നെട്ടുമണി റീച്ച് 1 (ഗോപാലപുരം - കന്നിമാരിമേട്)**

05/04/2023-ലെ PWD013-49/TE-4/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 73.21 കോടി രൂപയ്ക്ക് ധനാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി 12 മീറ്റർ Right of Way ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള റവന്യൂ സർവ്വേ നടപടികൾ നടന്നു വരുന്നു വകുപ്പിന് കത്ത് നൽകിയിട്ടുള്ളതും, റവന്യൂ സർവ്വേ നടപടികൾ പുരോഗമിച്ച് വരുന്നതായി നിർവ്വഹണ ഏജൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സ്ട്രെച്ചിൽ ഉൾപ്പെട്ട മൂലത്തറ പാലത്തിനും, ഇടതു വലതു കനാൽ പാലത്തിനും ഭാഗികമായ സാങ്കേതികാനുമതി നൽകി ആയത് പ്രത്യേകമായി ടെണ്ടർ ചെയ്യുന്നതിന് നിർവ്വഹണ ഏജൻസി കിഫ്ബിയുടെ അനുമതി തേടിയിരുന്നെങ്കിലും, ആവശ്യമായ Right of Way ഉറപ്പു വരുത്തി മുഴുവൻ സ്ട്രെച്ച് ഒരുമിച്ച് ടെണ്ടർ ചെയ്യുന്നതിന് നിർവ്വഹണ ഏജൻസിക്ക് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു.

**മലയോര ഹൈവേ: ഗോപാലപുരം - നെട്ടുമണി റീച്ച് 2 (കന്നിമാരിമേട് – നെട്ടുമണി)**

പ്രസ്തുത പ്രവൃത്തിയ്ക്ക് 30/03/2023-ലെ PWD013-50/TE-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 82.56 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ഫ്രീ സറണ്ടർ മുഖേന സ്ഥലം ലഭ്യമാകുന്നതിനു വേണ്ടി നിലവിലെ റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിതിനുള്ള റവന്യൂ സർവ്വേ നടപടികൾ പുരോഗമിച്ച് വരുന്നതായി നിർവ്വഹണ ഏജൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കരിമണ്ണ് – കല്യക്കപ്പാറ - ഒഴലപ്പതി റോഡ്**

പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബി 21/06/2018-ലെ PWD004-134-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 21.96 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡിൽ ട്രാഫിക് വളരെ കുറവായതിനാൽ നിലവിൽ പദ്ധതി തത്ക്കാലത്തേയ്ക്ക് മാറ്റി വയ്ക്കുന്നതിന് കിഫ്ബി തീരുമാനം എടുത്തിട്ടുള്ളതാണ്. ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത റോഡിൽ PMGSY പ്രവൃത്തി പുരോഗമിക്കുന്ന ഭാഗം

| | | | |
|---|---|---|---|
| | | | ഒഴിവാക്കി ശേഷിക്കുന്ന ഭാഗത്ത് കിഫ്ബി പദ്ധതിയായി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നിർവ്വഹണ ഏജൻസി 03/03/2025-ന് കിഫ്ബിക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>**<u>പാറ - പൊള്ളാച്ചി റോഡ്</u>**<br><br>പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി ഭൂമിയേറ്റെടുക്കലിന് 17.65 കോടി രൂപയുടെ ധനാനുമതി നൽകുന്നതിന് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. എന്നാൽ Right of Way സംബന്ധിച്ച് വ്യക്തത വരുത്തി നിർവ്വഹണ ഏജൻസിയായ KRFB ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാൽ ഇത് സംബന്ധിച്ച ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ട കൊഴിഞ്ഞാമ്പാറ ബൈപ്പാസിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി, DPR പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ് PPU-ൽ തയ്യാറാക്കി വരുന്നതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികളോരോന്നും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>**<u>പുതുനഗരം - കിണാശ്ശേരി റോഡ്</u>**<br><br>ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>**<u>മലയോര ഹൈവേ: ഗോപാലപുരം - നെട്ടുമണി റീച്ച് 1 (ഗോപാലപുരം - കന്നിമാരിമേട്)</u>**<br><br>ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആവശ്യമായ Right of Way ഉറപ്പ് വരുത്തി, പാലങ്ങളും റോഡും ഉൾപ്പെടെയുള്ള മുഴുവൻ സ്ട്രെച്ചും ഒരുമിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>**<u>മലയോര ഹൈവേ: ഗോപാലപുരം - നെട്ടുമണി റീച്ച് 2 (കന്നിമാരിമേട് – നെട്ടുമണി)</u>** |

| | | | |
|---|---|---|---|
| | | | ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>**<u>കരിമണ്ണ്– കല്യക്കപ്പാറ - ഒഴലപ്പതി റോഡ്</u>**<br><br>പ്രസ്തുത റോഡിൽ ട്രാഫിക് വളരെ കുറവായതിനാൽ നിലവിൽ പദ്ധതി തത്ക്കാലത്തേയ്ക്ക് മാറ്റി വയ്ക്കുന്നതിന് കിഫ്ബി തീരുമാനം എടുത്തിട്ടുള്ളതാണ്. പ്രസ്തുത റോഡിൽ PMGSY പ്രവൃത്തി പുരോഗമിക്കുന്ന ഭാഗം ഒഴിവാക്കി ശേഷിക്കുന്ന ഭാഗത്ത് കിഫ്ബി പദ്ധതിയായി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നിർവ്വഹണ ഏജൻസി 03/03/2025-ന് സമർപ്പിച്ച കത്ത് കിഫ്ബി പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.<br><br>**<u>പാറ - പൊള്ളാച്ചി റോഡ്</u>**<br><br>Right of Way സംബന്ധിച്ച് വ്യക്തത വരുത്തി നിർവ്വഹണ ഏജൻസിയായ KRFB ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനാനുമതി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിന് കിഫ്ബി നടപടി സ്വീകരിക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് ആരംഭിയ്ക്കാവുന്നതുമാണ്. ഇപ്രകാരം സിവിൽ പ്രവൃത്തികൾക്കുള്ള പുതുക്കിയ DPR നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സിവിൽ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തിയ പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ